# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കീഴരിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ഡി2/2200/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/01/2026
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴരിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ഡി2/2200/2025 തീയ്യതി: 08/01/2026

## കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-11-2024 മുതൽ 17-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 26-09-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.എസ്.ബിജേഷ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ (കെ.എ.എസ്) | 17-11-2025 | 22-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 22-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ഹരി ഇ.വി , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. സതീഷ് കുമാർ സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത് കെ.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അയന എൻ, ഓഡിറ്റർ
ശ്രീ മുഹമ്മദ് ജൈസൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ.കെ നിർമ്മല | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അൻസാർ കെ. | സെക്രട്ടറി | 01-04-2024 | 20-09-2024 |
| ശ്രീമതി കെ.വി സുനില കുമാരി | സെക്രട്ടറി | 21-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ രാജലക്ഷ്മി കെ.എം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീമതി അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ആൻസി ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ. രമ്യ എ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.ധനേഷ്.വി. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രിയ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. അമ്പിളി എൻ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ദീപ.ടി.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.മോഹൻ.പി.കെ | വി.ഇ.ഒ, കീഴരിയൂർ സർക്കിൾ | 01-04-2024 | 30-04-2024 |
| ശ്രീമതി.അനുശ്രീ.എം.എസ് | വി.ഇ.ഒ, കീഴരിയൂർ സർക്കിൾ | 01-05-2024 | 23-06-2024 |
| ശ്രീമതി.ഫിനില.പി.ബി | വി.ഇ.ഒ, കീഴരിയൂർ സർക്കിൾ | 24-06-2024 | 26-09-2024 |
| ശ്രീ.പ്രദീപ്.പി.കെ | വി.ഇ.ഒ, കീഴരിയൂർ സർക്കിൾ | 27-09-2024 | 31-03-2025 |
| ശ്രീമതി.അനുശ്രീ.എം.എസ് | വി.ഇ.ഒ, നടുവത്തൂർ സർക്കിൾ | 01-04-2024 | 23-06-2024 |
| ശ്രീ.അനീഷ് കുമാർ.ആർ.യു | വി.ഇ.ഒ, നടുവത്തൂർ സർക്കിൾ | 24-06-2024 | 26-09-2024 |
| ശ്രീ.പ്രദീപ്.പി.കെ | വി.ഇ.ഒ (നടുവത്തൂർ സർക്കിൾ) | 27-09-2024 | 31-03-2025 |
| ശ്രീമതി.സന്ധ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 15-08-2024 |
| ശ്രീമതി.വീണ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - പൊതു അപാകതകൾ | 1-1-1 |
| 3 | ആസ്തി രൂപീകരണ ചെലവ് തുക റവന്യു ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-2 |
| 4 | പ്രത്യേക പദ്ധതികൾക്കായി ലഭിച്ച ഫണ്ട് : നീക്കിയിരിപ്പിൽ കൃത്യതയില്ല | 1-1-3 |
| 5 | പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ബാധ്യത തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | കാഷ് ബാലൻസ് പരിശോധന | 1-7 |
| 13 | വസ്തുനികുതി പരിഷ്ക്കരണം-ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചിട്ടില്ല | 1-8 |
| 14 | വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-9 |
| 15 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-10 |
| 16 | മുൻകൂറുകൾ ക്രമീകരിക്കപ്പെടുന്നില്ല | 1-11 |
| 17 | ജി എസ് ടി ഈടാക്കിയില്ല | 1-12 |
| 18 | ബിൽ പരിശേധനയ്ക്കായി ഹാജരാക്കിയില്ല | 1-13 |
| 19 | വാഹന ചാർജ്ജ് ആയി അധിക തുക നൽകി | 1-14 |
| 20 | ക്വട്ടേഷനില്ലാതെ സാധന സേവനങ്ങൾ സമാഹരിക്കുന്നു | 1-15 |
| 21 | അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-16 |
| 22 | ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-17 |
| 23 | ഷീറ്റിന് അധിക നിരക്ക് നൽകി | 1-18 |
| 24 | ബാരൽ വില തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നു | 1-19 |
| 25 | സ്കാരിഫൈ ചെയ്ത മെറ്റീരിയലുകളുടെ പുനരുപയോഗം-ഒ.ഡി തയ്യാറാക്കിയത് വ്യത്യസ്ത നിരക്കിൽ | 1-20 |
| 26 | ഉയർന്ന നിരക്കുള്ള ഷീറ്റിന്റെ അനിവാര്യത വ്യക്തമല്ല. | 1-21 |
| 27 | ഒറോകുന്ന് കുടിവെള്ള പദ്ധതി- അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665/-രൂപ നഷ്ടം | 1-22 |
| 28 | അനിവാര്യത വ്യക്തമാക്കാതെ ഡി.ആർ പേവിംഗിന് തുക ചെലവഴിച്ചു | 1-23 |
| 29 | പ്രതിരോധ കുത്തിവെപ്പ് വാഹനത്തിന് ക്വട്ടേഷൻ ക്ഷണിച്ചില്ല | 1-24 |
| 30 | ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച മെഡിക്കൽ ഓഫീസർക്ക് അധികമായി പണം നൽകി | 1-25 |
| 31 | സ്ഥാപനത്തിന്റേതല്ലാത്ത വാഹനത്തിന് ഇന്ധനം നിറച്ചതിന് തുക അനുവദിച്ചു | 1-26 |
| 32 | ഇ.എം.എസ്. ഭവന പദ്ധതി: വായ്പാ പലിശയിനത്തിൽ തിരിച്ചടയ്ക്കേണ്ട തുക കുടിശ്ശിക | 1-27 |
| 33 | ജൽ ജീവൻ- പദ്ധതി വിഹിതം വകയിരുത്തിയില്ല | 1-28 |
| 34 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-29 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഷീറ്റിന് അധിക നിരക്ക് നൽകി | 3-1 |
| 2 | ഒറോകുന്ന് കുടിവെള്ള പദ്ധതി- അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665 രൂപ നഷ്ടം | 3-2 |
| 3 | അനിവാര്യത വ്യക്തമാക്കാതെ ഡി.ആർ പേവിംഗിന് തുക ചെലവഴിച്ചു | 3-3 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ - വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2025 തീയതിയിലെ 2/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ. ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 വാർഷിക കണക്കുകൾ - പൊതു അപാകതകൾ

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

**1-1-2 ആസ്തി രൂപീകരണ ചെലവ് തുക റവന്യു ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു**

പഞ്ചായത്തിൽ തൻ വർഷം ആസ്തി നിർമാണത്തിനായി ഉപയോഗിച്ച തുകകൾ ഒന്നും തന്നെ ബാലൻസ് ഷീറ്റിന്റെ ബി 3 ഷെഡ്യുളിൽ മൂലധന ചെലവായി രേഖപ്പെടുത്തിയിട്ടില്ല. പകരം തുക മുഴുവനും റവന്യു ചെലവ് ആയാണ് ബുക്ക് ചെയ്തിരിക്കുന്നത്. ഉദാ: പ്രൊജക്റ്റ് നം: 41 - കണോത്ത് കണ്ടച്ചമ്പുറക്കൽ റോഡ് കോൺക്രീറ്റ്.

**1-1-3 പ്രത്യേക പദ്ധതികൾക്കായി ലഭിച്ച ഫണ്ട് : നീക്കിയിരിപ്പിൽ കൃത്യതയില്ല**

പ്രത്യേക പദ്ധതികൾക്കായി ലഭിച്ച ഫണ്ട് തുകയുടെ വരവ് ചെലവുകൾ കൃത്യമായി രേഖപ്പെടുത്തി അപ്പ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B4 പ്രകാരമുള്ള ഫണ്ട് നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പ് വരുത്താനായില്ല.

**1-1-4 പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഉൾപ്പെടുത്തിയില്ല**

ലൈഫ് മിഷൻ ലോൺ തുക പ്രീ പെയ്ഡ് പ്രോഗ്രാം ചെലവായി രേഖപെടുത്താതിരുന്നതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കമ്മിയായി തുടരുന്നു.

**1-1-5 ബാധ്യത തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

സ്ഥാപനം സൂക്ഷിച്ചിരിക്കുന്ന ലോൺ രജിസ്റ്റർ പ്രകാരം ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി എടുത്ത വായ്പ തുകയുടെ പലിശ ഇനത്തിൽ അടയ്ക്കാനവശേഷിക്കുന്ന തുക വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09/02/2024 തിയ്യതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 07/03/2025 തിയ്യതിയിലെ 1/1-ാം തീരുമാന പ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 4977832 | 1420167 |
| വരവ് | 238310000 | 255972800 |
| **ആകെ** | **243287832** | **257392967** |
| ചെലവ് | 239483460 | 250708931 |
| നീക്കിയിരിപ്പ് | 3804372 | 6684036 |

**1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 1,43,06,458 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,99,94,820 |
| ആകെ | 54,301,278 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,25,42,669 |
| നീക്കിയിരിപ്പ് | 11,758,609 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10515000 | 10515000 | 10354543 | 160457 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3148000 | 3148000 | 2835000 | 313000 |
| മെയിന്ററനൻസ്, റോഡ് | 0 | 6490000 | 6490000 | 6490000 | 0 |
| മെയിന്ററനൻസ്, നോൺ-റോഡ് | 0 | 3652000 | 3652000 | 3652000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 689298 | 1923186 | 2612484 | 1841216 | 771268 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി) | 0 | 251151 | 251151 | 10000 | 241151 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 2010578 | 4150000 | 6160578 | 4461162 | 1699416 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് (ട്രഷറി) | 0 | 76722 | 76722 | 38361 | 38361 |

വാർഷിക കണക്ക് പ്രകാരമുള്ള കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവ് യഥാർത്ഥ ചെലവിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ടൈഡ് ഗ്രാന്റ് ഇനത്തിലെ ചെലവ് 36,381/-രൂപ കൂടുതലും, അൺ ടൈഡ് ഗ്രാന്റ് ചെലവ് 36,381/-രൂപ കുറവും ആണ്. പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഗ്രാന്റിന്റെ ട്രഷറി മുഖേനയുള്ള ചെലവ് തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|
| 143 | 100 | 43 | 69.93 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,86,000 |
| വിധവാപെൻഷൻ | 1,06,45,500 |
| വാർദ്ധക്യകാലപെൻഷൻ | 1,97,39,900 |
| വികലാംഗപെൻഷൻ | 3,192,100 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,67,400 |

**1-7 കാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 22.11.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,801/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 വസ്തുനികുതി പരിഷ്ക്കരണം-ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചിട്ടില്ല**

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവെയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023ന്പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ ആകെയുള്ള 13 വാർഡിൽ 1,2,3,4,5,10,13 എന്നീ ഏഴ് വാർഡിൽ മാത്രമേ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റ് വാർഡുകളെ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ നിന്ന് ലഭ്യമല്ല. ഡാറ്റാ കളക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനും നിലവിലെ സ്ഥിതി അറിയിക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ഡാറ്റാ കളക്ഷൻ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-9 വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല**

ജി.ഒ(എം.എസ്).144/15/തസ്വഭവ തീയതി 27.04.2015, ജി.ഒ(എം.എസ്).358/15/ തസ്വഭവ തീയതി 16.12.2015 ഉത്തരവുകൾ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|
| 3/175<br>3/176 | നാരായണൻ കോളോത്ത് മീത്തൽ |
| 2/102<br>2/107 | ശ്രീധർ പുള്ളിയോത്ത് മീത്തൽ |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 10/22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നൽകിയ നികുതി ഇളവ് റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതും ചട്ട പ്രകാരം നികുതി ഈടാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-10 ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ്-2020 ഭവന പദ്ധതിപ്രകാരം എഗ്രിമെന്റ് വെച്ച് ധനസഹായം (അഡ്വാൻസ്) കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ച ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നു. കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും

പാലിക്കപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**ലൈഫ്-ജനറൽ**

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ധനസഹായം കൈപ്പറ്റിയ തീയതി | അർഹമായ ധനസഹായം | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | ഇന്ദിര കുനംവള്ളി കണ്ടിമീത്തൽ | 3 | 07.02.23 | 4,00,000 | 40,000 |

**ലൈഫ്-എസ്.സി**

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് | ധനസഹായം കൈപ്പറ്റിയ തീയതി | അർഹമായ ധനസഹായം | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | രാജേഷ് കുമാർ പുള്ളിയോത്ത് മീത്തൽ | 2 | 26.11.22 | 4,00,000 | 40,000 |
| 2 | ആരതി. സി, പാറപ്പുറമ്പിൽ | 11 | 21.11.24 | 4,00,000 | 40,000 |
| 3 | സിജിൽ മണ്ണാടിമ്മൽ | 4 | 08.01.25 | 4,00,000 | 40,000 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018/ത.സ്വ.ഭ.വ, തീയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർമ്മാണം ആരംഭിക്കാത്ത പക്ഷം അഡ്വാൻസ് കൈപ്പറ്റിയ മുഴുവൻ തുകയും തിരികെ ഈടാക്കി അറിയിക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-11 മുൻകൂറുകൾ ക്രമീകരിക്കപ്പെടുന്നില്ല**

ഗ്രാമപഞ്ചായത്തിലെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി വിവിധ ഉദ്യോഗസ്ഥർ കൈപ്പറ്റിയ ചില മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ലെന്ന് മുൻകൂർ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | തീയതി | ഇനം | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 1 | 03.10.23 | Vehicle Hire Charge | Ass Engineer | 35750 |
| 2 | 10.06.2024 | Wages To Technician | Secretary | 30995 |

കൂടാതെ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥർ നാളിതുവരെ അവ ക്രമീകരിച്ചിട്ടില്ല. ജി.ഒ.(പി)419/2011 ധനം 04.10.2011, KFC ആർട്ടിക്കിൾ 99 പ്രകാരം, അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ, എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അഡ്ജസ്റ്റ്മെന്റ് ബിൽ സമയബന്ധിതമായി സമർപ്പിച്ച മുൻകൂറുകളുടെ കാര്യത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകയ്ക്ക് പ്രതിവർഷം 18% നിരക്കിൽ പലിശ ഈടാക്കേണ്ടതും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തരമായി തിരിച്ചു പിടിക്കേണ്ടതുമാണ്. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ആർട്ടിക്കിൾ 99 ഉൾപ്പടെ ഒരു നിയമവ്യവസ്ഥയിലും പെടാത്ത മേൽ മുൻകൂറുകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 20/2024-25 തീ 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-12 ജി എസ് ടി ഈടാക്കിയില്ല**

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രൊജക്ട് നമ്പർ : 83/25
പ്രൊജക്ട് : അങ്കണവാടി അനുപൂരക പോഷകാഹാരം
അടങ്കൽ - 18,48,000/- (പൊതുവിഭാഗം-4,48,000 + കേന്ദ്രവിഹിതം-12,00,000 + ബ്ലോക്ക് വിഹിതം-2,00,000)
ചെലവ് – 12,00,000/-(കേന്ദ്ര വിഹിതം)

മേൽ പ്രൊജക്ടുകളിലായി ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് 4,41,460/-രൂപ അഗസ്ത്യ ഫുഡ് പ്രൊഡക്ട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇങ്ങനെ നൽകിയ 4,41,460/-രൂപയിൽ 5% ജി എസ് ടി കൂടി ഉൾപ്പെട്ടതാണ്. 2017ലെ CGST/SGST നിയമം സെക്ഷൻ 51(1) പ്രകാരം2.5 ലക്ഷത്തിനു മുകളിലുള്ള പർച്ചേസ് നടത്തുമ്പോൾ 2% ജി എസ് ടി ടി.ഡി.എസ് ആയി ഈടാക്കേണ്ടതാണ്. അഗസ്ത്യ ഫുഡ് പ്രൊഡക്ട് എന്ന സ്ഥാപനത്തിന് നൽകിയ 4,41,460/-രൂപയിൽ 5% ജി എസ് ടി കുറച്ചിട്ടുള്ള തുകയുടെ 2% ജി എസ് ടി ആയി ഈടാക്കി അടവാക്കേണ്ടതായിരുന്നെങ്കിലും അഗസ്ത്യ ഫുഡ് പ്രൊഡക്ട് എന്ന സ്ഥാപനത്തിൽ നിന്നും നിശ്ചിത ശതമാനം ജി എസ് ടി ഈടാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനത്തിൽ നിന്നും ജി എസ് ടി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിന്നും ജി എസ് ടി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-13 ബിൽ പരിശേധനയ്ക്കായി ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രൊജക്ട് നമ്പർ : 83/25
പ്രൊജക്ട് : അങ്കണവാടി അനുപൂരക പോഷകാഹാരം
അടങ്കൽ - 18,48,000/-
(പൊതുവിഭാഗം-4,48,000 + കേന്ദ്രവിഹിതം-12,00,000 +ബ്ലോക്ക് വിഹിതം – 2,00,000)
ചെലവ് – 12,00,000/-(കേന്ദ്ര വിഹിതം)

മേൽ പ്രൊജക്ടിലായി ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് അഗസ്ത്യ ഫുഡ് പ്രൊഡക്ട് എന്ന സ്ഥാപനത്തിന് സാങ്ഷൻ ഓർഡർ നമ്പർ 282/08-10-2024 പ്രകാരം 131,417/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 69,016/- രൂപയ്ക്കുള്ള ന്യൂട്രിമിക്സിന്റെ ബിൽ മാത്രമേ പരിശോധനയ്കാകയി ഹാജരാക്കിയിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള (62,401/-രൂപ) ന്യൂട്രിമിക്സിന്റെ ബിൽ മാത്രമേ പരിശോധനയ്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.19/2024-25 തീയതി 22.11.2025) മറുപടി നൽകുകയോ ബിൽ പരിശോധനയ്കായി ഹാജരാക്കുകയോ ചെയ്തിയിട്ടില്ല. 62,401/-രൂപയുടെ ന്യൂട്രിമിക്സിന്റെ ബില്ലിന്റെ അഭാവത്തിൽ ബിൽ തുക 62,401/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-14 വാഹന ചാർജ്ജ് ആയി അധിക തുക നൽകി

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രൊജക്ട് നമ്പർ : 83/25
പ്രൊജക്ട് : അങ്കണവാടി അനുപൂരക പോഷകാഹാരം
അടങ്കൽ - 18,48,000/- (പൊതുവിഭാഗം-4,48,000 + കേന്ദ്രവിഹിതം-12,00,000 + ബ്ലോക്ക് വിഹിതം – 2,00,000)
ചെലവ് – 12,00,000/-(കേന്ദ്ര വിഹിതം)

മേൽ പ്രൊജക്ടുകളിലായി ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് അഗസ്ത്യ ഫുഡ് പ്രൊഡക്ട് എന്ന സ്ഥാപനത്തിന് സാങ്ഷൻ ഓർഡർ നമ്പർ 228/30-07-2024, 216/04-07-2024 എന്നിവ പ്രകാരം നൽകിയ തുകയിൽ ന്യൂട്രിമിക്സിനുള്ള തുകയ്ക്കു പുറമേ വാഹന ചാർജ്ജ് ആയി 1,749/-രൂപ അധികമായി നൽകിയിട്ടുണ്ട്. ന്യൂട്രിമിക്സിനുള്ള തുകയ്ക്കു പുറമേ വാഹന

ചാർജ്ജ് ആയി അധിക തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.18/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹന ചാർജ്ജ് ആയി അധിക തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. അധികമായി നൽകിയ തുക തുടർ ബില്ലുകളിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

## 1-15 ക്വട്ടേഷനില്ലാതെ സാധന സേവനങ്ങൾ സമാഹരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 106/25 (അടങ്കൽ-104400-പൊതുവിഭാഗം)

പ്രൊജക്ട് : വനിതകൾക്ക് കലാ സാംസ്കാരിക പരിപാടികൾ

ചെലവു തുക : 1,04,440/-രൂപ (പൊതുവിഭാഗം സാധാരണ വിഹിതം – ബിൽ നം. 342/24.03.2025)

മേൽ പദ്ധതികൾ പ്രകാരം 104,440/-രൂപ ചെലവഴിച്ചിട്ടുണ്ട്. വനിതകൾക്ക് കലാ സാംസ്കാരിക പരിപാടികൾ നടത്തിയതുമായി ബന്ധപ്പെട്ട് റിഫ്രഷ്മെന്റ് ചാർജ്ജ്, ബാനർ, സ്റ്റേജ് എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | തുക കൈപ്പറ്റിയ ആൾ | ഇനം | തുക |
|---|---|---|---|
| 1 | വിപിൻ | സ്റ്റേജ് | 39,700 |
| 2 | അനീഷ് | ബാനർ,മെമന്റോ | 9,960 |
| 3 | അനിത | റിഫ്രഷ്മെന്റ് | 54,780 |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) സേവനങ്ങൾക്കായി വ്യക്തികളേയും സ്ഥാപനങ്ങളേയും തെരഞ്ഞെടുത്തതിന്റെ ക്വട്ടേഷൻ രേഖകളൊന്നും ഫയലിലില്ല.

ബി) പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചോയെന്ന് ഉറപ്പു വരുത്തുന്നതിനായി പദ്ധതിയുമായി ബന്ധപ്പെട്ട സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖ.14 ൽ പ്രതിപാദിക്കുന്ന വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1) പ്രൊജക്ട് നമ്പർ : 83/25

പ്രൊജക്ട് : അങ്കണവാടി അനുപൂരക പോഷകാഹാരം

അടങ്കൽ - 18,48,000/- പൊതുവിഭാഗം-4,48,000 + കേന്ദ്രവിഹിതം-12,00,000 + ബ്ലോക്ക് വിഹിതം-2,00,000)

ചെലവ് – 12,00,000/-(കേന്ദ്ര വിഹിതം)

2024-25 വർഷത്തിൽ അങ്കണവാടി ശിശുമന്ദിരം പോഷകാഹാരം വിതരണത്തിനായി രണ്ടു പദ്ധതികളിലായി 12,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2024-25 കാലഘട്ടത്തിൽ സ്ത്രീകളുടെയും കുട്ടികളുടേയും വികസനത്തിലുള്ള വർക്കിംഗ് ഗ്രൂപ്പിൽ പ്രൊജക്ട് മോണിട്ടറിംഗ് സംബന്ധിച്ച ചർച്ചകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)84/2022/ ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് 14.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ്

റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

സി) 8.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി തല മോണിട്ടറിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മറ്റി, മാതൃസമിതി ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ മുഖേന ഉറപ്പുവരുത്തേണ്ടതായിരുന്നു.

14.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ബി)

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽപറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.16/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

നിർവഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 94/25 (അടങ്കൽ -3,00,000 – പൊതുവിഭാഗം സാധാരണ വിഹിതം)

പ്രൊജക്ട് : ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം
ചെലവ് – 74,496/- (320/17.03.2025)

2024-25 വർഷത്തിൽ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം വിതരണം ചെയ്യുന്നതിനായി ബിൽ റഫറൻസ് നമ്പർ 24160752026201568931 പ്രകാരം 74,496/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ഉള്ളവർക്ക് തന്നെ വീണ്ടും അത് നൽകുന്നത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണം വിതരണം ചെയ്യുന്നത് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കുന്നതിന് സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖ. 7.1.3(4) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരം സൂക്ഷിക്കാനാവശ്യപ്പെട്ട ഡിജിറ്റൽ രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/2024-25 തീയതി 22.11.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

**1-18 ഷീറ്റിന് അധിക നിരക്ക് നൽകി**

| പ്രൊജക്ട്.നം, പേര് | നമ്പ്രത്ത് കര അങ്കണവാടി മെയിന്റനൻസ്, 12/25 | എം.സി.എഫ് പൂർത്തീകരണം 128/25 | ആയുർവേദ ഡിസ്പെൻസറി യോഗ ഹാൾ നവീകരണം 127/25 |
|---|---|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട്. |
| ചെലവ് തുക | 127441 | 423000 | 140055 |

| | | | |
|---|---|---|---|
| ബിൽ നം, തീയതി | 351/25.03.2025 | 216/04.02.2025 | Vr. No. 22400322 Dt.30.08.2024 |
| എസ്റ്റിമേറ്റ് നം | 36261/2024 | 77420/2023 | 36441/2023 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 1 തി. 20.11.2025 | നം. 1 തി. 20.11.2025 | നം. 1 തി. 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ വിവിധ കെട്ടിട നിർമ്മാണ – പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഷീറ്റ് വിരിക്കുന്നതിനുള്ള പ്രവൃത്തിക്കായി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി നിർവ്വഹിച്ചിട്ടുണ്ട്. .35 Mm Galvalume ഷീറ്റ് വിരിക്കുന്നതിനായി ഷീറ്റിന് ലോക്കൽ മാർക്കറ്റ് നിരക്കായി ചതുരശ്ര മീറ്ററിന് 520/-രൂപ ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 20.11.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികളിൽ Galvalume ഷീറ്റുകൾക്ക് പകരം .35 Mm Gi Trafford Sheet കളാണ് പ്രവൃത്തിക്ക് വിനിയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രൊജക്ട് നമ്പർ 122/25 ന്റെ എസ്റ്റിമേറ്റിൽ 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്ഡ് ഡാറ്റ OD264020/2023-2024 പ്രകാരം 596.72/-രൂപ മാത്രമാണ്. എന്നാൽ താഴെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ 702.59/-രൂപ എസ്റ്റിമേറ്റ് നിരക്കിലാണ് മേൽ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ സാങ്കേതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാതൃകാ ഒബ്സർവ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41/-രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269/-രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ ഇതേ ഷീറ്റിന് 520/-രൂപ ഉൾപ്പെടുത്തി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(പ്രൊജക്ട് നമ്പർ 122/25 എന്ന പദ്ധതി പ്രകാരം ഷീറ്റ് വിരിക്കുന്നതിന് എസ്റ്റിമേറ്റിൽ OD264020/2023-2024 പ്രകാരം 596.72/Sqm രൂപ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനെ അടിസ്ഥാനമാക്കിയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്)

| പ്രവൃത്തിയുടെ പേരും, പ്രൊജക്ട് നമ്പറും | 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി OD പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ ) | 596.72/-രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക. | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|
| നമ്പ്രത്ത് കര അങ്കണവാടി മെയിന്റനൻസ്, 12/25 | 12.38 Sqm | 9498 | 8717 | 781 |
| എം.സി.എഫ് പൂർത്തീകരണം 128/25 | 175.109 Sqm | 145175 | 123299 | 21876 |
| ആയുർവേദ ഡിസ്പെൻസറി യോഗ ഹാൾ നവീകരണം 127/25 | 49 Sqm | 40474 | 34502 | 5972 |

129/25 ആയുർവേദ ആശുപത്രി പെയിന്റിംഗും അറ്റകുറ്റപണികളും എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിലും സമാനമായ അപാകത ഉണ്ടായിട്ടുണ്ടെങ്കിലും പ്രവൃത്തി നിർവ്വഹിച്ചത് 582/-രൂപ കരാർ നിരക്കിലായതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.1/20.11.2025) മറുപടിയിൽ എം.സി.എഫ് പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും കരാറുകാരന് തുക പൂർണ്ണമായി നൽകിയിട്ടില്ലെന്നും അധികമായി നൽകിയ 14,822/-രൂപ തിരിച്ചടിച്ച് വിവരം അറിയിക്കുമെന്നും മറ്റ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കുമെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഒബ്സർവ്ഡ് ഡാറ്റ തയാറാക്കുന്നതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 27,929/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ 27,929/-രൂപയുടെ നഷ്ടം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതും പ്രസ്തുത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-19 ബാരൽ വില തനത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ

ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും കാലി ടാർ ബാരലിന്റെ വില ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നുണ്ട്. ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. കാലി ബാരൽ ഒന്നിനു 238/-രൂപയും 18% GST ഉൾപ്പടെ 281/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ (പി ) നം. 177/2006/ധന ഉത്തരവ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30-10-2007-ലെ സർക്കുലർ നം..59827/FM/07/ത.സ്വ.ഭ.വ സർക്കുലർ എന്നിവ പ്രകാരം ടാർ വീപ്പ വില ഏത് ഫണ്ടിൽ നിന്നാണോ അനുവദിച്ചത് അതേ ഫണ്ടിലേക്ക് തന്നെ തുക തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് തിരിച്ചടക്കുന്നതിന് പകരം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുകയാണ് ചെയ്യുന്നത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പരും | ഫണ്ടിനം | വീപ്പ വില ഇനത്തിൽ കുറവ് ചെയ്ത തുക |
|---|---|---|
| 25/25, നടുവത്തൂർ യു.പി മഠത്തിൽ താഴെ റോഡ് | മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 9554 |

വാർഷിക കണക്കിൽ പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിൽ അല്ല ബുക്ക് ചെയ്തിരിക്കുന്നത് (2024-25 സാമ്പത്തിക വർഷത്തിൽ മാത്രം 25,895/-രൂപ ഈ ഇനത്തിൽ തനത് വരവായി ബുക്ക് ചെയ്തിട്ടുണ്ട്). തനത് ഫണ്ട് അക്കൗണ്ടിലാണ് തുക സൂക്ഷിച്ചിട്ടുള്ളത്. കരാറുകാർക്ക് ടാർ വീപ്പയുടെ വിലയിനത്തിലും മറ്റുമായി അധികം നൽകുന്ന തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ നിന്നുമുള്ള അധിക ചെലവാണ്. പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേക്കാണ് തിരിച്ചടക്കേണ്ടത്. ഇപ്രകാരം കരാറുകാർക്ക് അധികം നൽകിയതും തിരികെ പിടിച്ചതുമായ തുകകളുടെ വിശദാംശം അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറി പ്രസ്തുത തുകകൾ ബാധ്യതാ ശീർഷകത്തിലേക്ക് മാറ്റുകയും ബന്ധപ്പെട്ട ഫണ്ട്/ഗ്രാന്റിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്.

<u>വീപ്പവില ഈടാക്കുന്നില്ല</u>

ഓഡിറ്റ് വർഷത്തിൽ നിർവ്വഹിച്ച ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വില ഈടാക്കാത്ത സാഹചര്യവും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഉദാ- അണ്ടിച്ചേരിതാഴ നടുക്കണ്ടിമുക്ക് റോഡ് (പ്രൊ.നം- 121/25).

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.2/2024-25 തീയതി 20.11.2025) മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ടാർ വീപ്പ വിലയിനത്തിൽ നാളിതുവരെ ഈടാക്കിയ ബാധ്യതാ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും വീപ്പ വില ഈടാക്കാത്ത പ്രവൃത്തികളിൽ നിന്നും ആയത് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**<u>1-20 സ്കാരിഫൈ ചെയ്ത മെറ്റീരിയലുകളുടെ പുനരുപയോഗം-ഒ.ഡി തയ്യാറാക്കിയത് വ്യത്യസ്ത നിരക്കിൽ</u>**

| | |
|---|---|
| പ്രൊ.നം, പേര് | നിടിയ പറമ്പിൽ മാവിൻചുവട് റോഡ് നവീകരണം (പ്രൊ.നം- 173/25) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്- റോഡ് |

| | |
|---|---|
| ചെലവ് തുക | 3,51,413/- |
| ബിൽ നം, തീയതി | 337/22.03.2025 |
| എസ്റ്റിമേറ്റ് നം | 19847/2022 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 3 തി. 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ നിടിയ പറമ്പിൽ മാവിൻചുവട് റോഡ് നവീകരണം (പ്രൊ.നം- 173/25) എന്ന പദ്ധതി മുഖേന സ്കാരിഫൈ ചെയ്ത ജി.എസ്.ബി പുനരുപയോഗിക്കുന്നതിന് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി തുക അനുവദിച്ചിട്ടുണ്ട്. 229.53/-രൂപ നിരക്കിലാണ് ഒ.ഡി തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.4.1.A.1 ന് സമാനമായി P&M-182 പ്രകാരമുള്ള Tractor Mount Grader എന്ന ഉപകരണവും ഉൾപ്പെടുത്തി 229.53/-രൂപ നിരക്കിൽ ഒ.ഡി തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ നടുവത്തൂർ യു.പി മഠത്തിൽ താഴെ റോഡ് എന്ന പ്രവൃത്തിയിൽ (25/25) 4.11.2 നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒ.ഡി യിൽ P&M-054 പ്രകാരമുള്ള Tractor With Rotevator എന്ന ഉപകരണത്തിനുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 187.34/-രൂപ നിരക്കിലാണ് ഒ.ഡി തയ്യാറാക്കിയിട്ടുള്ളത്. ഉയർന്ന നിരക്കുള്ള Tractor Mount Grader ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.3/2024-25 തീയതി 20.11.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഒബ്സർവ്വ്ഡ് ഡാറ്റ ജില്ലാതലത്തിൽ തയ്യാറാക്കിയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സ്കാരിഫൈ ചെയ്ത മെറ്റീരിയലുകൾ അതേ ചെയിനേജിൽ തന്നെ പുനരുപയോഗിക്കുന്ന സാഹചര്യങ്ങളിൽ Tractor Mount Grader ഉപയോഗിക്കേണ്ടുന്നതിന്റെ ആവശ്യകത ഓഡിറ്റിൽ വിശദീകരിച്ചിട്ടില്ല. Tractor Mount Grader ന്റെ അനിവാര്യത വിശദീകരിക്കേണ്ടതാണ്.

**1-21 ഉയർന്ന നിരക്കുള്ള ഷീറ്റിന്റെ അനിവാര്യത വ്യക്തമല്ല.**

| | |
|---|---|
| പ്രൊ.നം, പേര് | അങ്കണവാടി മെയിന്റനൻസ് (പ്രൊ.നം- 136/25) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം |
| ചെലവ് തുക | 3,13,980/- |
| ബിൽ നം, തീയതി | 33/15.07.2024 |
| എസ്റ്റിമേറ്റ് നം | 19831/2022 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 4 തി. 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അങ്കണവാടി മെയിന്റനൻസ് എന്ന പദ്ധതിയിൽ നവീന അംഗനവാടി കെട്ടിടത്തിന്റെ മുകളിൽ 12.50 പ്രകാരമുള്ള .50 Mm കനമുള്ള ഷീറ്റ് വിരിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തി നിർവ്വഹിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. സ്ഥല പരിശോധനയിൽ കെട്ടിടത്തിന് മുകളിൽ കയറാൻ സാധ്യമല്ലാത്തതിനാൽ ഷീറ്റിന്റെ കനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. പ്രഥമ ദൃഷ്ട്യാ ഷീറ്റിന്റെ കനം .35 Mm മാത്രമാണെന്ന് സ്ഥലപരിശോധനയിൽ സംശയമുണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ നിർവ്വഹിച്ച മറ്റ് മുഴുവൻ പ്രവൃത്തികളിലും .35 Mm ഷീറ്റ് വിരിച്ച് പ്രവൃത്തി നിർവ്വഹിച്ച സാഹചര്യത്തിലും മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ .50 Mm കനമുള്ള ഷീറ്റ് വിരിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും ഷീറ്റിന്റെ കനം പരിശോധിച്ച് .50 Mm കനമുള്ള ഷീറ്റ് തന്നെയാണ് വിരിച്ചത് എന്ന് ഉറപ്പാക്കേണ്ടതുമാണ്. വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതും . ഷീറ്റിന്റെ കനം ഭൗതിക പരിശോധന നടത്തി ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4/2024-25 തീയതി 20.11.2025) ലഭ്യമാക്കിയ മറുപടിയിൽ ഷീറ്റിന്റെ കനത്തിന്റെ

കൃത്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതും .35 Mm ഷീറ്റാണ് ഉപയോഗിച്ചതെങ്കിൽ കരാറുകാരന് അധികം നൽകിയ 9,844/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും .50 Mm കനമുള്ള ഷീറ്റ് തന്നെയാണ് വിരിച്ചത് എങ്കിൽ സൈറ്റിൽ ആയതിന്റെ അനിവാര്യത വിശദീകരിക്കേണ്ടതുമാണ്. അപാകതകളുടെ സാഹചര്യത്തിൽ ഷീറ്റിനായി ചെലവഴിച്ച 65,348/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 ഒറോകുന്ന് കുടിവെള്ള പദ്ധതി- അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665/- രൂപ നഷ്ടം**

| | |
|---|---|
| പ്രൊ.നം, പേര് | ഒറോകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊ.നം- 124/25) |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 9,07,441/- |
| ബിൽ നം, തീയതി | 48/09.08.2024 |
| എസ്റ്റിമേറ്റ് നം | 10457/2022 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 5 തീയതി 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഒറോകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരമുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്.

**1. ഖനന പ്രവൃത്തി**

| ഇനം | പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച നിരക്ക് |
|---|---|---|
| OD306822/2023-2024 പ്രകാരം വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്ത പ്രവൃത്തി | ആകെ നീളം- 978.9 മീറ്റർ<br>വീതി - 40 Cm<br>ആഴം - 45 Cm<br>പ്രവൃത്തിയുടെ അളവ് =176.204 ഘനമീറ്റർ | 559 / ഘനമീറ്റർ |

978.9 മീറ്റർ നീളത്തിൽ കുഴിയെടുത്തതിൽ 1005.45 മീറ്റർ നീളത്തിൽ താഴെ പറയും പ്രകാരം പൈപ്പുകൾ സ്ഥാപിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല).

| | |
|---|---|
| 25 Mm Pvc Pipe | 429.2 മീറ്റർ |
| 75 Mm Pvc Pipe | 235.45 മീറ്റർ |
| 50 Mm Pvc Pipe | 101.6 മീറ്റർ |
| 63 Mm Pvc Pipe | 239.2 മീറ്റർ |
| **ആകെ** | **1005.45** |

ജലവിതരണത്തിനായി 429.2 മീറ്റർ നീളത്തിൽ 25 Mm Pvc Pipe സ്ഥാപിച്ചിട്ടുള്ളത് പ്രൈസിലെ 50.18.9.3.2 എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റ ഉപയോഗിച്ചാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ ആയതിൽ പൈപ്പ് സ്ഥാപിക്കുന്നതിനും കുഴിയെടുക്കുന്നതിനും

കുഴി മൂടുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ OD306822/2023-2024 പ്രകാരം 25 Mm Pvc Pipe വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതായി എം ബുക്കിൽ രേഖപ്പെടുത്തിയ 429.2 മീറ്റർ നീളത്തിലും 40 Cm വീതിയിലും 45 Cm ആഴത്തിലുമുള്ള പ്രവൃത്തി സൈറ്റിൽ നിർവ്വഹിക്കേണ്ടി വന്നിട്ടില്ലെന്നത് ബോധ്യമാകുന്നു. പ്രസ്തുത ഇനം നിർവ്വഹിക്കുന്നതിനായി എം ബുക്കിൽ രേഖപ്പെടുത്തിയ 77.256 ഘനമീറ്റർ മണ്ണ് ഖനന പ്രവൃത്തിക്കായി കരാറുകാരന് അനുവദിക്കപ്പെട്ട 50,960/-രൂപ (77.256x559 + 18% GST) പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്.

**2. ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത മൂലം അധിക തുക നൽകി**

63 Mm Pvc പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ട്രഞ്ചിംഗ് , റീഫില്ലിംഗ് എന്നിവയ്ക്കുള്ള ഇനങ്ങൾ ഒഴിവാക്കി 331.8/-രൂപ നിരക്കിൽ തയ്യാറാക്കിയ ഒബ്സർവ്വ്ഡ് ഡാറ്റയിൽ (OD306846/2023-2024) തൊഴിൽ ഘടകങ്ങൾ നൽകിയതിൽ ഒരു കൂലി (Coolie) അധികമായി അനുവദിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് മൂലം കരാറുകാരന് 58.37/-രൂപ അധിക നിരക്കിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| OD306846/2023-2024 പ്രകാരം 331/-രൂപ നിരക്കിൽ കാരറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 273.43/-രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ കാരറുകാരന് നൽകേണ്ട തുക (GST ഉൾപ്പെടെ ) 239.2 മീറ്റർ | അധികമായി അനുവദിച്ച തുക |
|---|---|---|
| 93427 | 77177 | 16250 |

**3. 75 Mm പൈപ്പിന് ഉയർന്ന നിരക്ക് നൽകി**

എസ്റ്റിമേറ്റിൽ DAR ലെ 50.18.9.8.1 എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റയിലെ 75 Mm 6KGF/CM2 പി.വി.സി പൈപ്പ് മാറ്റി 75 Mm 10 KGF/CM2 പി.വി.സി പൈപ്പാക്കി മാറ്റുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില (LMR) 405/-രൂപയായി നിശ്ചയിച്ചാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയത്. ഇനത്തിന്റെ ആകെ തുക 581.53/-രൂപയാണ്. കോഴിക്കോട് ജില്ലയിൽ 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില 236/-രൂപയായി നിശ്ചയിച്ച് 375.42/-രൂപ നിരക്കിലാണ് 2024-25 വരെ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിരുന്നത്. 2024-25 വർഷത്തിൽ 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില ജില്ലാതല ടെക്നിക്കൽ സമിതി പൈപ്പിന്റെ നിരക്ക് താരതമ്യം ചെയ്തതിൽ പരമാവധി നിരക്ക് 257.94/- രൂപ മാത്രമാണെന്നും നിശ്ചയിച്ചിട്ടുണ്ട്. ആയത് പരിഗണിക്കുമ്പോൾ 405/-രൂപ ലോക്കൽമാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി പ്രവൃത്തി ആസൂത്രണം ചെയ്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെന്ന് കാണാം. 375.42/-രൂപ അടിസ്ഥാനമാക്കിയാൽ പഞ്ചായത്ത് ഫണ്ടിന് 55,455/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

| OD306836/2023-2024 ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരം 581/-രൂപ കരാർ നിരക്കിൽ കരാറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 375.42/- രൂപ നിരക്കിൽ പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 161420 | 105965 | 55455 |

അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665/-രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.5/2024-25 തീയതി 20.11.2025) മറുപടി ലഭ്യമാക്കിയത് പ്രകാരം കരാറുകാരന് അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകളാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നതിന് കാരണമായിട്ടുള്ളത്. അപാകതക്ക് നിർവ്വഹണ ഉദ്യോഗസ്ഥയും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉത്തരവാദികളാണ്. അധികമായി അനുവദിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 അനിവാര്യത വ്യക്തമാക്കാതെ ഡി.ആർ പേവിംഗിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊ.നം, പേര് | കുഴിവയൽ മദ്രസ്സ ഡ്രെയിനേജ്- വാർഡ് 13 (പ്രൊ.നം- 59/25 ) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 2,97,158/- |
| ബിൽ നം,തിയ്യതി | 258/22.02.2025 |
| എസ്റ്റിമേറ്റ് നം | 36266/2024 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 6 തീയതി 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കുഴിവയൽ മദ്രസ്സ ഡ്രെയിനേജ്- വാർഡ് 13 (പ്രൊ.നം- 59/25) എന്ന പ്രവൃത്തിയിൽ ഓടയുടെ അടിത്തട്ടിൽ കരിങ്കല്ല് പാകുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുണ്ട്. നിലവിലുള്ള തോടിന്റെ അടിത്തട്ടിൽ 26.1 മീറ്റർ നീളത്തിലും ശരാശരി 1.386 മീറ്റർ വീതിയിലും 25 സെന്റിമീറ്റർ ആഴത്തിലും മണ്ണ് കുഴിച്ചെടുത്ത് പ്രസ്തുത ചെയിനേജിൽ അതേ അളവിൽ DR Packing നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ചെയിനേജിൽ ഓടയുടെ അടിത്തട്ടിൽ പ്ലെയിൻ സിമന്റ് കോൺക്രീറ്റ് ബെഡിന് പകരം റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ബെഡായി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും ആയതിന് അടിത്തട്ടിൽ DR Packing നൽകിയതിന്റെ കാരണം വ്യക്തമല്ല. ആസൂത്രണത്തിലെ അപാകത പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| RCC നിർവ്വഹിച്ച ചെയിനേജിൽ DR Packing ചെയ്തതിന്റെ അളവ് | 5.79375 ഘനമീറ്റർ കരിങ്കൽ പ്രവൃത്തിക്ക് കരാറുകാരന് അനുവദിച്ച തുക | പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ബാധ്യത |
|---|---|---|
| 5.79375 ഘനമീറ്റർ | 19696 | 19696 |

പി.ഡബ്ല്യൂ.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(b)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ധനകാര്യവകുപ്പിന്റെ 19.09.2016-ലെ 78/2016/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6 ൽ സൈറ്റ് സാഹചര്യത്തിനനുസൃതമല്ലാതെ ഉയർന്ന നിരക്കിലുള്ളതും അനിവാര്യമല്ലാത്തതുമായ ഇനങ്ങൾ തെരഞ്ഞെടുക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-24 പ്രതിരോധ കുത്തിവെപ്പ് വാഹനത്തിന് ക്വട്ടേഷൻ ക്ഷണിച്ചില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം |
| പദ്ധതി നം. | 114/25 |
| അടങ്കൽ തുക | 60,000/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് തുക | 14,800/- |
| ബിൽ നം | 197/16.05.2024 |
| അന്വേഷണ കുറിപ്പ് നമ്പർ | 13/22.11.2025 |

കീഴരിയൂർ കുടുംബാരോഗ്യ കേന്ദ്രം ആസൂത്രണം ചെയ്ത പ്രതിരോധ കുത്തിവെപ്പ് പദ്ധതിയുടെ ഭാഗമായി ടാക്സി വാഹനം ഉപയോഗിച്ചിരിക്കുന്നത് ക്വട്ടേഷൻ ക്ഷണിക്കാതെയാണ്. പ്രതിരോധ കുത്തിവെയ്പ്പിന്റെ ഭാഗമായി 2023 മാർച്ച് ഏപ്രിൽ ജൂൺ ജൂലൈ മാസങ്ങളിലായി ആകെ 14,800/- രൂപ KL 56 P 481 എന്ന വാഹനത്തിന് മെഡിക്കൽ ഓഫീസർ നേരിട്ട് നൽകുകയും ബില്ലിലൂടെ ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ തുക റീക്കൂപ്പ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഒരു ദിവസം കുത്തിവെപ്പിന് ആവശ്യമായ സാധനങ്ങളും ജീവനക്കാരെയും സബ് സെന്ററുകളിൽ എത്തിക്കുന്നതിന് വെയിറ്റിങ് അടക്കം 900/-രൂപയാണ് വാങ്ങിയിരിക്കുന്നത്. പതിവായി ആവശ്യമുള്ള ഇത്തരം സേവനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്ന് കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി പുറപ്പെടുവിച്ച ജി ഓ 259/2010 തീ.08.11.2010 ന് വിരുദ്ധമായി സേവനം സമാഹരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.13/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച മെഡിക്കൽ ഓഫീസർക്ക് അധികമായി പണം നൽകി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം |
| പദ്ധതി നം. | 117/25 |
| അടങ്കൽ തുക | 1,46,549/- (വികസന ഫണ്ട് – ജനറൽ) |
| ചെലവ് തുക | 89,304/- |

| | |
|---|---|
| ബിൽ നം | 196/16.05.2024 |
| എൻക്വയറി നം | 11/2025 തീയതി 22.11.2025 |

കീഴരിയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച മെഡിക്കൽ ഓഫീസർക്ക് പ്രതിദിന വേതനം നൽകിയതിലെ രേഖകൾ ഓഡിറ്റ് ചെയ്തതിൽ താഴെ പറയുന്ന അപാകത കണ്ടെത്തി:

| വേതനം വിതരണം ചെയ്ത മാസവും വർഷവും | ഹാജർ രേഖപ്പെടുത്തിയത് | വേതനം നൽകിയത് | വ്യത്യാസം (അധികമായി നൽകിയത്) |
|---|---|---|---|
| ഒക്ടോബർ 2023 | 12 ദിവസങ്ങൾ | 13 ദിവസങ്ങൾ | 1 ദിവസം |
| നവംബർ 2023 | 19 ദിവസങ്ങൾ | 21 ദിവസങ്ങൾ | 2 ദിവസം |

താല്കാലിക അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർ വേതനം ലഭിക്കുന്നത്തിനായി സമർപ്പിച്ച രേഖകളിലൂടെ മാത്രമാണ് പ്രസ്തുത നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ ആണെന്ന് മനസിലാക്കാനാവുന്നത്. ഡോക്ടറെ നിയമിച്ചതിന്റെ മാനദണ്ഡമോ, ദിവസ വേതന നിരക്കോ വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മുൻ മാസങ്ങളിലെ രേഖകൾ പരിശോധിച്ചതിൽ മാസ ശമ്പളം 45,000/-എന്ന നിരക്കിൽ ദിവസങ്ങൾക്ക് ആനുപാതികം ആയാണ് തുക നൽകിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ഉദാഹണത്തിന് നവംബർ മാസം ആകെ ഉള്ളത് 30 ദിവസങ്ങൾ ആണ്, ഇതിൽ ദിവസം ജോലിക്ക് ഹാജരായ ഒരാൾക്ക് വേതനം നൽകുന്നത് -(45000/30)x12 = 18,000/-എന്ന നിരക്കിലാണ്.

നിയമന വേതന മാനദണ്ഡങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഹാജർ നില പരിശോധിക്കാതെ താല്കാലിക ജീവനക്കാരൻ ആവശ്യപ്പെട്ട അത്രയും തുക തന്നെ വേതനമായി അനുവദിച്ചു നൽകിയതിന് വിശദീകരണവും നൽകേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11/2024-25 തീയതി 22.11.2025) മറുപടി ലഭ്യമായിട്ടില്ല.

**1-26 സ്ഥാപനത്തിന്റേതല്ലാത്ത വാഹനത്തിന് ഇന്ധനം നിറച്ചതിന് തുക അനുവദിച്ചു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | **മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം** |
| പദ്ധതി നം. | 115/25 |
| അടങ്കൽ തുക | 44,608/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 44608 |
| ബിൽ നം | 304/15.11.2024 |
| എൻക്വയറി നം | 12/25 തീയതി. 22.11.2025 |

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഇന്ധനം നിറച്ച ഇനത്തിൽ മേപ്പയൂർ ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ബിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ബിൽ പ്രകാരം 28.03.2024 ന് KL56 X 2589 എന്ന വാഹനത്തിൽ 2,000/-രൂപയ്ക്കുള്ള പെട്രോൾ നിറച്ചതായി കാണാം. എന്നാൽ പാലിയേറ്റിവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്ഥാപനം ഉപയോഗിച്ച് വരുന്നത് KL11 AQ 4455 എന്ന നമ്പർ ആംബുലൻസ് ആണ്. ടി ബില്ലിൽ പരാമർശിച്ച വാഹനം ഏതെന്ന് വ്യക്തമല്ല. ചെലവിന് അടിസ്ഥാനമായ വൗച്ചറുകൾ പരിശോധിക്കാതെ തുക അനുവദിച്ചു നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-27 ഇ.എം.എസ്. ഭവന പദ്ധതി: വായ്പാ പലിശയിനത്തിൽ തിരിച്ചടയ്ക്കേണ്ട തുക കുടിശ്ശിക**

ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, മേപ്പയ്യൂർ ശാഖയിൽ നിന്നും എടുത്ത വായ്പാ രേഖകൾ പരിശോധിച്ചതിൽ, ₹ 3,65,986/-രൂപയുടെ പലിശ നിലവിൽ കുടിശ്ശികയായി തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു എന്ന് കണ്ടെത്തി. 2010-11 സാമ്പത്തിക വർഷത്തിൽ എടുത്ത വായ്പയുടെ പലിശയാണ് ഇത്രയും കാലയളവായിട്ടും അടയ്ക്കാതെ കിടക്കുന്നത്. വായ്പാ കരാർ (Loan Agreement), വായ്പ എടുക്കുന്നതിന് ആധാരമായ ഭരണസമിതി തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തന്മൂലം, ഈയിനത്തിലെ കുടിശ്ശികയുടെ കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. വായ്പാ പലിശയുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അവ്യക്തതയും സാമ്പത്തിക ബാധ്യതയും പരിഹരിക്കുന്നതിനായി, സർക്കാർ തലത്തിൽ ബന്ധപ്പെട്ട് അടിയന്തരമായി വ്യക്തമായ ഒരു തീർപ്പ് വരുത്തുകയും അതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/2024-25 തീയതി 22.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-28 ജൽ ജീവൻ- പദ്ധതി വിഹിതം വകയിരുത്തിയില്ല**

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പുനക്രമീകരിച്ച് 2024 ആകുമ്പോഴേക്കും ഓരോ ഗ്രാമീണ കുടുംബത്തിനും പ്രതിദിനം 55 ലിറ്റർ ശുദ്ധ ജലം നൽകുക എന്ന ലക്ഷ്യത്തോടെ, 2019-ൽ ജൽ ജീവൻ മിഷന്റെ കീഴിൽ ആരംഭിച്ച ഒരു പദ്ധതിയാണ് ഹർ ഘർ ജൽ ( എല്ലാ വീടുകളിലേക്കും വെള്ളം). പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും തമ്മിൽ 50:50 എന്ന അനുപാതത്തിലാണ് പങ്കിടുന്നത്. സംസ്ഥാന വിഹിതത്തിൽ ആകെ ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാറും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്.

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ സ്ഥിതി സംബന്ധിച്ച് ജൽജീവൻ മിഷന്റെ Www.Kwa.Kerala.Gov.In എന്ന വെബ്സൈറ്റിൽ (25.11.25 ലെ സ്ഥിതി) ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കും വിധമാണ്.

| | | | |
|---|---|---|---|
| ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | 4818 | | |
| ഭരണാനുമതി തുക | 5236.2 ലക്ഷം | | |
| ആകെ ഗ്രാമീണ വീടുകൾ | 3743 | | |
| ജൽജീവനു മുമ്പുണ്ടായിരുന്ന കണക്ഷൻ(1.4.20 നു മുമ്പ്) | 1329 | | |
| ജൽജീവൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | 306 | 2020-21 | 0 |
| | | 2021-22 | 0 |
| | | 2022-23 | 0 |
| | | 2023-24 | 305 |
| | | 2024-25 | 1 |

കീഴരിയൂർ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി, സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ എന്നിവരുമായി ചേർന്ന് 20.10.2021 തിയ്യതിയിൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമല്ല. 4818 വീടുകളിൽ കണക്ഷൻ നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ് കണക്ഷനുകൾ നൽകുന്നതിന്റെയും ബൂസ്റ്റർ സ്റ്റേഷന്റെയും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. 52.362 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ 15% ആയ 7.85 കോടി രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായും 5.23 കോടി രൂപ ഗുണഭോക്തൃ വിഹിതമായും കൈമാറേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതം വകയിരുത്തുകയോ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതം നിശ്ചയിച്ച് തീരുമാനമെടുക്കുകയും ചെയ്തിട്ടില്ല. 19.04.2022 തിയ്യതിയിലെ സ.ഉ.(കൈ)

നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 (23) പ്രകാരം ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ **15%** വിഹിതം കണ്ടെത്തുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങളിന്മേൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. പദ്ധതിയുടെ ബാധ്യതാതുക കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തിന് നാളിതുവരെയും സാധിച്ചിട്ടില്ല.

**1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം**

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

**സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം**

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

**സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം**

ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

**സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

**സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.**

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.**

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

**സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.**

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

**ഫണ്ട് വിശകലനം**

കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം & പ്രോജക്റ്റ് | 21-22 | 22-23 | 23-24 | 24-25 | ആകെ | ആകെ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| 1 | (Scheme-1) - നിർമ്മാണ പ്രവൃത്തികൾ | - | 2775000 | - | - | 2775000 | 2430104 | 344896 |
| 2 | (Scheme-3) - ഡയഗ്നോസ്റ്റിക് | 208161 | 702000 | 293000 | - | 1203161 | 910,161 | 293000 |
| 3 | (Scheme-4) - ഹെൽത്ത് & വെൽനെസ് | 80000 | 308000 | 490000 | - | 878000 | 388000 | 4,90,000 |
| | **ആകെ** | **2,88,161** | **37,85,000** | **783000** | **-** | **48,56,161** | **37,28,265** | **11,27,896** |

**സ്കീം 1,3,4 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയത പദ്ധതികളുടെ നിലവിലെ വിവരം ചുവടെ കൊടുക്കുന്നു.**

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം- നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നം | വർഷം | പ്രോജ.നം. | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | **24-25** | **163/25** | കോരപ്പ സബ്സെന്റർ ചാലിൽ മീത്തൽ കെട്ടിട നിർമ്മാണം | 24,30,104 | 24,30,104 |

**<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പിലാക്കിയ പദ്ധതികൾ</u>**

| ക്രമ നം | വർഷം | പ്രൊജക്ട്.നം. | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | 2023-24 | (98/24) | രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 208161 | 208161 |
| 2 | 2023-24 | (147/24) | രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 702000 | 702000 |

**<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ</u>**

| ക്രമ നം | വർഷം | പ്രൊജ.നം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | 2022-23 | (133/23) | സബ്സെന്ററുകൾ വെൽനസ്സ് സെന്ററുകൾ ആക്കി മാറ്റൽ | 80,000 | 80,000 |
| 2 | 2023-24 | (148/24) | FHC എടച്ചേരി ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ | 308000 | 308000 |

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ 1256075/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കേരളബാങ്കിന്റെ കീഴരിയൂർ ശാഖയിൽ താഴെപ്പറയും പ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം-1 കെട്ടിടങ്ങൾ നിർമ്മിക്കുവാൻ | 40223101071254 |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40223101071272 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40223101071263 |

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന

പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതിന് ടി നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഷീറ്റിന് അധിക നിരക്ക് നൽകി

| പ്രൊ.നം, പേര് | നമ്പ്രത്ത് കര അങ്കണവാടി മെയിന്റനൻസ്, 12/25 | എം.സി.എഫ് പൂർത്തീകരണം 128/25 | ആയുർവേദ ഡിസ്പെൻസറി യോഗ ഹാൾ നവീകരണം 127/25 |
|---|---|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേന്ദ്രാവിഷ്കൃത ഫണ്ട്.(NRHM) |
| ചെലവ് തുക | 127441 | 423000 | 140055 |
| ബിൽ നം,തിയ്യതി | 351/25.03.2025 | 216/04.02.2025 | Vr. No. 22400322 Dt.30.08.2024 |
| എസ്റ്റിമേറ്റ് നം | **36261/2024** | 77420/2023 | 36441/2023 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 1/2024-25 തീയതി 20.11.2025 | നം. 1/2024-25 തീയതി 20.11.2025 | നം. 1/2024-25 തീയതി 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ വിവിധ കെട്ടിട നിർമ്മാണ – പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഷീറ്റ് വിരിക്കുന്നതിനുള്ള പ്രവൃത്തിക്കായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി നിർവ്വഹിച്ചിട്ടുണ്ട്. .35 Mm Galvalume ഷീറ്റ് വിരിക്കുന്നതിനായി ഷീറ്റിന് ലോക്കൽ മാർക്കറ്റ്

നിരക്കായി ചതുരശ്ര മീറ്ററിന് 520/രൂപ ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ 20.11.2025 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികളിൽ Galvalume ഷീറ്റുകൾക്ക് പകരം .35 Mm Gi Trafford Sheet കളാണ് പ്രവൃത്തിക്ക് വിനിയോഗിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രൊജക്ട് നമ്പർ 122/25 ന്റെ എസ്റ്റിമേറ്റിൽ 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി ഒബ്സർവ്ഡ് ഡാറ്റ OD264020/2023-2024 പ്രകാരം 596.72/-രൂപ മാത്രമാണ്. എന്നാൽ താഴെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളിൽ 702.59/-രൂപ എസ്റ്റിമേറ്റ് നിരക്കിലാണ് മേൽ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ സാങ്കേതിക സമിതി 2024-25 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മാതൃകാ ഒബ്സർവ്വ്ഡ് ഡാറ്റ, ലോക്കൽ മാർക്കറ്റ് നിരക്ക് എന്നിവ പ്രകാരം 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി 464.41/-രൂപയാണ് നിരക്കുള്ളത്. ആയതിൽ ഷീറ്റിന്റെ LMR നിരക്ക് ചതുരശ്ര മീറ്ററിന് 269/-രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതേ ഷീറ്റിന് 520/-രൂപ ഉൾപ്പെടുത്തി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(പ്രൊജക്ട് നമ്പർ 122/25 എന്ന പദ്ധതി പ്രകാരം ഷീറ്റ് വിരിക്കുന്നതിന് എസ്റ്റിമേറ്റിൽ OD264020/2023-2024 പ്രകാരം 596.72 /Sqm രൂപ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനെ അടിസ്ഥാനമാക്കിയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്)

| പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും | 0.35 Mm GI ഷീറ്റ് സ്ഥാപിക്കുന്നതിനായി OD പ്രകാരം നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരന് നൽകിയ തുകയുടെ വിവരം (GST ഉൾപ്പെടെ) | 596.72 രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുക. | പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം |
|---|---|---|---|---|
| നമ്പ്രത്ത് കര അങ്കണവാടി മെയിന്റനൻസ്, 12/25 | 12.38 Sqm | 9498 | 8717 | 781 |
| എം.സി.എഫ് പൂർത്തീകരണം 128/25 | 175.109 Sqm | 145175 | 123299 | 21876 |
| ആയുർവ്വേദ ഡിസ്പെൻസറി യോഗ ഹാൾ നവീകരണം 127/25 | 49 Sqm | 40474 | 34502 | 5972 |

129/25 ആയുർവ്വേദ ആശുപത്രി പെയിന്റിംഗും അറ്റകുറ്റപണികളും എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിലും സമാനമായ അപാകത ഉണ്ടായിട്ടുണ്ടെങ്കിലും പ്രവൃത്തി നിർവ്വഹിച്ചത് 582 രൂപ കരാർ നിരക്കിലായതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ എം.സി.എഫ് പൂർത്തീകരണം എന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും കരാറുകാരന് തുക പൂർണ്ണമായി നൽകിയിട്ടില്ലെന്നും അധികമായി നൽകിയ 14,822/-രൂപ തിരിച്ചടിച്ച് വിവരം അറിയിക്കുമെന്നും മറ്റ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കുമെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കുന്നതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് 28,629/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ 28,629/- രൂപയുടെ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതും പ്രസ്തുത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

**3-2 ഒറോകുന്ന് കുടിവെള്ള പദ്ധതി- അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665**

**രൂപ നഷ്ടം**

| | |
|---|---|
| പ്രൊ.നം, പേര് | ഒറോകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊ.നം- 124/25) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 9,07,441/- |
| ബിൽ നം,തിയ്യതി | 48/09.08.2024 |
| എസ്റ്റിമേറ്റ് നം | 10457/2022 |
| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 5 തീയതി 20.11.2025 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഒറോകുന്ന് കുടിവെള്ള പൂർത്തീകരണം എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരമുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുണ്ട്.

1. **ഖനന പ്രവൃത്തി**

| ഇനം | പ്രവൃത്തിയുടെ അളവ് | കരാറുകാരന് അനുവദിച്ച നിരക്ക് |
|---|---|---|
| OD306822/2023-2024 പ്രകാരം വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്ത പ്രവൃത്തി | ആകെ നീളം- 978.9 മീറ്റർ<br>വീതി - 40 Cm<br>ആഴം - 45 Cm<br>പ്രവൃത്തിയുടെ അളവ് =176.204 ഘനമീറ്റർ | 559 / ഘനമീറ്റർ |

978.9 മീറ്റർ നീളത്തിൽ കുഴിയെടുത്തതിൽ 1005.45 മീറ്റർ നീളത്തിൽ താഴെ പറയും പ്രകാരം പൈപ്പുകൾ സ്ഥാപിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല).

| | |
|---|---|
| 25 Mm Pvc Pipe | 429.2 മീറ്റർ |
| 75 Mm Pvc Pipe | 235.45 മീറ്റർ |
| 50 Mm Pvc Pipe | 101.6 മീറ്റർ |
| 63 Mm Pvc Pipe | 239.2 മീറ്റർ |
| **ആകെ** | **1005.45** |

ജലവിതരണത്തിനായി 429.2 മീറ്റർ നീളത്തിൽ 25 Mm Pvc Pipe സ്ഥാപിച്ചിട്ടുള്ളത് പ്രൈസിലെ 50.18.9.3.2 എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റ ഉപയോഗിച്ചാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ ആയതിൽ പൈപ്പ് സ്ഥാപിക്കുന്നതിനും കുഴിയെടുക്കുന്നതിനും കുഴി മൂടുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ OD306822/2023-2024 പ്രകാരം 25 Mm Pvc Pipe വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതായി എം ബുക്കിൽ രേഖപ്പെടുത്തിയ 429.2 മീറ്റർ നീളത്തിലും 40 Cm വീതിയിലും 45 Cm ആഴത്തിലുമുള്ള പ്രവൃത്തി സൈറ്റിൽ നിർവ്വഹിക്കേണ്ടി വന്നിട്ടില്ലെന്നത് ബോധ്യമാകുന്നു. പ്രസ്തുത ഇനം നിർവ്വഹിക്കുന്നതിനായി എം ബുക്കിൽ രേഖപ്പെടുത്തിയ 77.256 ഘനമീറ്റർ മണ്ണ് ഖനന പ്രവൃത്തിക്കായി കരാറുകാരന് അനുവദിക്കപ്പെട്ട 50,960/-രൂപ (77.256x559+18% GST) പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമാണ്.

**2. ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത മൂലം അധിക തുക നൽകി**

63 Mm Pvc പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ട്രഞ്ചിംഗ് , റീഫില്ലിംഗ് എന്നിവയ്ക്കുള്ള ഇനങ്ങൾ ഒഴിവാക്കി 331.8 രൂപ നിരക്കിൽ തയ്യാറാക്കിയ ഒബ്സർവ്വ്ഡ് ഡാറ്റയിൽ (OD306846/2023-2024) തൊഴിൽ ഘടകങ്ങൾ നൽകിയതിൽ ഒരു കൂലി (Coolie) അധികമായി അനുവദിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് മൂലം കരാറുകാരന് 58.37 രൂപ അധിക നിരക്കിൽ തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| OD306846/2023-2024 പ്രകാരം 331/- രൂപ നിരക്കിൽ കാരറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 273.43/-രൂപ നിരക്കിൽ പ്രവൃത്തി നിർവ്വഹിച്ചിരുന്നെങ്കിൽ കാരറുകാരന് നൽകേണ്ട തുക (GST ഉൾപ്പെടെ ) 239.2 മീറ്റർ | അധികമായി അനുവദിച്ച തുക |
|---|---|---|
| 93427 | 77177 | 16250 |

**3. 75 Mm പൈപ്പിന് ഉയർന്ന നിരക്ക് നൽകി**

എസ്റ്റിമേറ്റിൽ DAR ലെ 50.18.9.8.1 എന്ന അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റയിലെ 75 Mm 6KGF/CM2 പി.വി.സി പൈപ്പ് മാറ്റി 75 Mm 10 KGF/CM2 പി.വി.സി പൈപ്പാക്കി മാറ്റുന്നതിനായി ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില (LMR) 405/-രൂപയായി നിശ്ചയിച്ചാണ് ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയത്. ഇനത്തിന്റെ ആകെ തുക 581.53/-രൂപയാണ് . കോഴിക്കോട് ജില്ലയിൽ 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില 236 രൂപയായി നിശ്ചയിച്ച് 375.42/-രൂപ നിരക്കിലാണ് 2024-25 വരെ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കിയിരുന്നത്. 2024-25 വർഷത്തിൽ 75 Mm 10 KGF/CM2 പി.വി.സി പൈപ്പിന്റെ വില ജില്ലാതല ടെക്നിക്കൽ സമിതി പൈപ്പിന്റെ നിരക്ക് താരതമ്യം ചെയ്തതിൽ പരമാവധി നിരക്ക് 257.94/-രൂപ മാത്രമാണെന്നും നിശ്ചയിച്ചിട്ടുണ്ട്. ആയത് പരിഗണിക്കുമ്പോൾ 405/-രൂപ ലോക്കൽമാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി പ്രവൃത്തി ആസൂത്രണം ചെയ്തത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ടെന്ന് കാണാം. 375.42 രൂപ അടിസ്ഥാനമാക്കിയാൽ പഞ്ചായത്ത് ഫണ്ടിന് 55,455/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കാണാം. വിശദാംശം ചുവടെ ചേർക്കുന്നു.

| OD306836/2023-2024 ഒബ്സർവ്വ്ഡ് ഡാറ്റ പ്രകാരം 581/- രൂപ കരാർ നിരക്കിൽ കരാറുകാരന് നൽകിയ തുക (GST ഉൾപ്പെടെ ) | 375.42/- രൂപ നിരക്കിൽ പ്രവൃത്തി ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 161420 | 105965 | 55455 |

അപാകതകൾ മൂലം പഞ്ചായത്ത് ഫണ്ടിന് 1,22,665/- രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയത് പ്രകാരം കരാറുകാരന് അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി നോട്ടീസ് നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകളാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നതിന് കാരണമായിട്ടുള്ളത്. അപാകതക്ക് നിർവ്വഹണ ഉദ്യോഗസ്ഥയും എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉത്തരവാദികളാണ്. അധികമായി അനുവദിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**3-3 അനിവാര്യത വ്യക്തമാക്കാതെ ഡി.ആർ പേവിംഗിന് തുക ചെലവഴിച്ചു**

| | |
|---|---|
| പ്രൊ.നം, പേര് | കുഴിവയൽ മദ്രസ്സ ഡ്രെയിനേജ്- വാർഡ് 13 (പ്രൊ.നം- 59/25 ) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ ചെയ്ത ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 2,97,158/- |
| ബിൽ നം,തിയ്യതി | 258/22.02.2025 |
| എസ്റ്റിമേറ്റ് നം | 36266/2024 |

| ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. | നം. 6 തീയതി 20.11.2025 |
|---|---|

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കുഴിവയൽ മദ്രസ്സ ഡ്രെയിനേജ്- വാർഡ് 13 (പ്രൊ.നം- 59/25 ) എന്ന പ്രവൃത്തിയിൽ ഓടയുടെ അടിത്തട്ടിൽ കരിങ്കല്ല് പാകുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുണ്ട്. നിലവിലുള്ള തോടിന്റെ അടിത്തട്ടിൽ 26.1 മീറ്റർ നീളത്തിലും ശരാശരി 1.386 മീറ്റർ വീതിയിലും 25 സെന്റിമീറ്റർ ആഴത്തിലും മണ്ണ് കുഴിച്ചെടുത്ത് പ്രസ്തുത ചെയിനേജിൽ അതേ അളവിൽ DR Packing നിർവ്വഹിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ചെയിനേജിൽ ഓടയുടെ അടിത്തട്ടിൽ പ്ലെയിൻ സിമന്റ് കോൺക്രീറ്റ് ബെഡിന് പകരം റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് ബെഡായി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിലും ആയതിന് അടിത്തട്ടിൽ DR Packing നൽകിയതിന്റെ കാരണം വ്യക്തമല്ല. ആസൂത്രണത്തിലെ അപാകത പഞ്ചായത്ത് ഫണ്ടിന് അധിക ബാധ്യത ഉണ്ടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **RCC നിർവ്വഹിച്ച ചെയിനേജിൽ DR Packing ചെയ്തതിന്റെ അളവ്** | **5.79375 ഘനമീറ്റർ കരിങ്കൽ പ്രവൃത്തിക്ക് കരാറുകാരന് അനുവദിച്ച തുക** | **പഞ്ചായത്ത് ഫണ്ടിനുണ്ടായ അധിക ബാധ്യത** |
|---|---|---|
| 5.79375 ഘനമീറ്റർ | 19696 | 19696 |

പി.ഡബ്ല്യൂ.ഡി റിവൈസ്ഡ് മാന്വലിലെ അനുബന്ധം 1600 D യിൽ വ്യവസ്ഥ ചെയ്ത പ്രകാരം മേൽ ഇനങ്ങളുടെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കാതെയാണ് പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 40(b)-B പ്രകാരം സാഹചര്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അളവിൽ ചെലവുകൾ നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ധനകാര്യവകുപ്പിന്റെ 19.09.2016-ലെ 78/2016/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6 ൽ സൈറ്റ് സാഹചര്യത്തിനനുസൃതമല്ലാതെ ഉയർന്ന നിരക്കിലുള്ളതും അനിവാര്യമല്ലാത്തതുമായ ഇനങ്ങൾ തെരഞ്ഞെടുക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റുകളിൽ മിതത്വം പാലിക്കാതെ സ്ഥാപനത്തിന് അധിക ചെലവുണ്ടാകുന്ന രീതിയിലും ആവശ്യകത വ്യക്തമാക്കാതെയുമാണ് പ്രസ്തുത ഇനം ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. ആയതിനാൽ അധികമായി ചെലവഴിച്ച 19,696/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ**

| **ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*** | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക** | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക** | **ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക** | **റിമാർക്സ്** |
|---|---|---|---|---|
| 11 | 69,500 | 69,500 | ഇല്ല | ഇല്ല |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**2) മെഡിസെപ് പ്രീമിയം ഒടുക്ക് - ( 01.04.2024 മുതൽ 30.06.2024** നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | | | |
| ഇല്ല | | | | | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് - ( 01.07.2024 ൽ** സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025** നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)*** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 17.11.2025, 18.11.2025 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2024-25 വർഷം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,00,000 |
| | 3,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 3,00,000 |
| | 6,47,000 | ലൈഫ് ജനറൽ | 6,47,000 |
| | 1,86,120 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, യൂണിഫോം, പഠനോപകരണങ്ങൾ, പഠനയാത്ര | 1,86,120 |

| | | | |
|---|---|---|---|
| | | ആകെ തുക | 15,33,120 |
| ജില്ലാ പഞ്ചായത്ത് | 85,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 85,000 |
| | 1,00,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 |
| ആകെ തുക | | | 1,85,000 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-6 വായ്പ - വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 32,55,858 | 65,53,842 | 13,27,140 | - | 84,82,560 |

വികസന ഫണ്ട് ജനറലിൽ നിന്നും ജി ഓ പ്രൊജക്ട് മുഖേന സോഴ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട ലൈഫ് ഭവന പദ്ധതി ലോൺ തുക തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ആകെ തിരിച്ച് അടവാക്കിയിരിക്കുന്നത് 13,27,140/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 12,00,122/-രൂപയാണ് കാണിച്ചിരിക്കുന്നത്.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 27(a) | 2003-04 (പൊതു പരാമർശം) | 11.13.7.7 | നികുതി പിരിവിൽ അലംഭാവം | |
| 1999-00 | | 2003-04 | 11.14 | ഭവന നിർമ്മാണം-പട്ടികജാതി | |
| | | 2012-13 | 3.4.5.19 | തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ | |

| | | | | | |
|---|---|---|---|---|---|
| | | | | കാർഡ് വിതരണം | |
| | | | 3.4.5 | തൊഴിലിന് അപേക്ഷിക്കൽ-തൊഴിൽ ലഭ്യമാക്കൽ-MNREGS | |
| | | | 3.4.5.3 | ഗ്രാമസഭകളുടെ പ്രവർത്തനം | |
| | | | 3.4.5.10 | വേതന വിതരണത്തിലെ കാലതാമസം | |
| | | | 3.4.5.17 | തൊഴിലുറപ്പ് പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചില്ല | |
| | | | 3.4.5.13 | ജാഗ്രത മേൽനോട്ട കമ്മിറ്റി തൃപ്തികരമല്ല | |
| | | 2014-15 (അവലോകനം) | 4.3.2 | 60 വയസ്സ് പൂർത്തീയാകാത്തവർക്ക് പെൻഷൻ | |
| 2019-20 | 1-17,1-18 | 2020-21 | അനുബന്ധം-2-1 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) – ചെലവ് | |
| 2019-20 | 1-7-1 | 2020-21 | അനുബന്ധം-1-1 | പെൻഷൻ അപേക്ഷകൾ | |
| 2019-20 | 1-15 | 2020-21 | അനുബന്ധം-2-1 | മെഡിക്കൽ ഓഫീസർ (ഹോമിയോ) – ചെലവ് | |

**4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,99,94,820 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,25,42,669 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,70,990 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,27,749 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 28,629 | ശ്രീമതി ദീപ ടി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 122,665 | |
| 3-3 | 19,696 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 62,401 | ശ്രീമതി വീണ .എസ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-21 | 65,348 | ശ്രീമതി ദീപ ടി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **1,27,749** | |

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ ടി.എ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | ഭരണി ഹൌസ്, അട്ടവയൽ കുന്നി, കൊല്ലം, കൊയിലാണ്ടി, 673307 |
| ശ്രീമതി വീണ .എസ്. ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | അദ്വര ഹൗസ്, കടലൂർ (പി.ഒ), തിക്കോടി, 673529 |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി1/ 1315/2018 തീയതി-01.08.2018 | 2 | 30(1), (2) |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി5/ 805/2022 തീയതി 19.04.2023 | 2 | 27(എ)), 38 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/ 1315/2018(8)തീ. 01.08.2018 | 1 | 3-9 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി10 /998/(2) തീയതി 20.09.2024 | 1 | 3-4 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./ പി10/ 998/2024(4) തീയതി 05.02.2025 | 2 | 2-2, 2-6 |
| 2017-18 | കെ.എസ്.എ.കെ.ഡി./പി10 / 998/2024(5) തീയതി-05.02.2025 | 3 | 2-1, 3-3(2), 3-17 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./ പി10 / 998/2024(5) തീയതി-05.02.2025 | 2 | 1-6, 1-7(5) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./ പി10 / 998/2024(7) തീയതി-05.02.2025 | 6 | 1-7-1 (സമാഹൃതം), 1-13,1-14, 1-15(സമാഹൃതം), 1-17(സമാഹൃതം), 1-18 (സമാഹൃതം), |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./ പി10/ 1454/2024(1) തീയതി 21.04.25 | 17 | 1-5, 1-8, 1-9, 1-10, 1-11,1-14, 1-18, 1-19, 1-20, 1-22, 1-24, 1-26,1-27, 1-30, 1-35, 2-1, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./ പി10/ 1454/2024 തീയതി 21.04.25 | 6 | 1-1,1-2,1-4(1), 1-9,1-11, 1-18 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി./ പി10/604/2024 തീയതി 07.05.24 | 13 | 1-1, 1-1-1, 1-1-2, 1-1-3, 1-1-4, 1-8, 1-9, 1-11, 1-14, 1-15, 1-16, 1-17, 4-11 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി./ പി10/2025 തീയതി 13.05.25 | 20 | 1-1(1,2,3,4,5,6,7),1-8, 1-1-10(2),1-11,1-12,1-13, 1-14,1-15,1-16,1-17, 1-18(2),1-21,1-22,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 29-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Keezhariyur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Keezhariyur Grama Panchayat as on 31-03-2025

**Date: 08/01/2026** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Keezhariyur Grama Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

1. Audit notes, ratios not included in the AFS and Cash flow statement values does not match.
2. Accounting of Capital expenditure as revenue expense
3. ACR for special purpose fund is not maintained.
4. Life mission liability not recorded as pre paid programme expense
5. Non disclosure of liability amount
6. Wrong expenditure entry in the central financial commission grant.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്